ഒരു വിലാപം.

സി. എസ്. സുബ്രഹ്മണ്യൻപോററി എം. ഏ.

ബി. വി. ബുക്ക് ഡിപ്പോ,
തിരുവനന്തപുരം.

വില അണ ൪.

ഒരു വിലാപം.

സി. എസ്'. സുബ്രഹ്മണ്യൻപോററി എം. ഏ.

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

പകപ്പവകാശം.

വില [illegible] ർ.

തിരുവനന്തപുരം.

ബി. വി. ബുക്ക് ഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി

കൊല്ലം "മനോമോഹനം" അച്ചുക്കൂടത്തിൽ

അച്ചടിച്ചതു്.

൧-ാം പതിപ്പു്—കാപ്പി ൧൦൦൦.

൧൦൯൦.

ശ്രീ.

അവതാരിക.

ഈ ഖണ്ഡകൃതിയായിട്ട് മുമ്പുതന്നെ ഞാൻ വേഴ്ചയാണ്. വേഴ്ചയെന്നു മാത്രമല്ല, 'രസികരഞ്ജിനി' മുഖേന അടുത്ത ചാർച്ചയുംകൂടി, ഇനിയ്ക്കുള്ള സ്ഥിതിയ്ക്ക് ഈ 'വിലാപ'ത്തിൽ പങ്കുകൊള്ളുന്നതു കേവലം ബന്ധുകൃത്യമായിട്ടേ ഞാൻ കരുതുന്നുള്ളു. ആ നിലയിൽ ആലോചിയ്ക്കുമ്പോൾ സുബ്രഹ്മണ്യൻപോററിയുടെ മററുള്ള കവിതകളിൽ കവിഞ്ഞുള്ളൊരു പക്ഷപാതം ഈ കൃതിയിൽ എനിയ്ക്കുണ്ടായിട്ടുണ്ടെങ്കിൽ അതിലൊരു തെററുണ്ടെന്നു് എനിയ്ക്കു തോന്നാത്തതു ലോകസ്വഭാവത്തിനു വിരോധമായിട്ടുള്ളതല്ലല്ലോ.

ഈ കൃതി ആദ്യത്തെ പരിവൃത്തി ഞാൻ വായിച്ചപ്പോൾ എന്തോ ഒരു സുഖവിശേഷത്തിൽ ലയിച്ചതുകാരണം അവതാരിക എഴുതുവാനാണ് ഇതു് വായിക്കുന്നതെന്നോ, സുഖകാരണങ്ങൾ അറിയേണ്ടതാവശ്യമാണെന്നോ എനിയ്ക്കോർമ്മയുണ്ടായില്ല.

വളവ്, പിരിവ്, ചുഴി, മലരി, പാറ, കയം മുതലായ പ്രതിബന്ധങ്ങളൊന്നുംകൂടാതെ നിർബാധമായി ഒഴുകിക്കൊണ്ടിരിയ്ക്കുന്ന നദിയിൽകൂടി തുഴയാതെ പോകുന്ന (തോ

ണിപോലെയാണ്, എൻെറ മനസ്സ് ഈ സരസകൃതിയിൽക്കൂടി സഞ്ചരിച്ചിരുന്നത്. ഇങ്ങിനെ രസപ്രവാഹത്തിൽ പെട്ടതുകൊണ്ടായിരിയ്ക്കാം കരയ്ക്കണയുന്നതുവരെ എൻെറ മനസ്സ് എനിക്ക് സ്വാധീനമല്ലാതായി തീൎന്നത്. വിലാപത്തിനു അനുഗുണമായ വൃത്തമോ, വികാരങ്ങൾക്കു യോജിച്ചിട്ടുള്ള ശബ്ദപ്രയോഗമോ, അൎത്ഥബോധത്തിനു ഹാനിവരാത്ത വിധത്തിലുള്ള പദവിന്യാസമോ, പ്രാസത്തിനുവേണ്ടി ക്ലേശിക്കായ്കയോ, കവിതയുണ്ടാക്കാൻ കഷ്ടിക്കായ്കയോ, ആണ് ഈ വിലാപത്തിൽ കാണുന്ന രസപുഷ്ടിയ്ക്കുള്ള പ്രധാന കാരണങ്ങളെന്ന് ഞാൻ വിചാരിക്കുന്നില്ല. അതൊക്കെ ഇതിൽ രസവിച്ഛേദം വരാതിരിയ്ക്കുവാനുള്ള കാരണങ്ങളെന്നേ ഞാൻ കരുതുന്നുള്ളു. കവിയുടെ സ്വാനുഭവം ഒന്നാണ് ഈ കൃതിയ്ക്കുള്ള തന്മയത്വത്തിൻെറ ബീജമെന്നാണ് ഞാൻ പൂൎണ്ണമായും വിശ്വസിയ്ക്കുന്നത്. ഇതുതന്നെയാണ് ഉൽകൃഷ്ടകാവ്യത്തിൻെറ നാരായവേരും.

കുമാരിമന്ദിരം
൨൪—൪—൯൦ } അപ്പൻതമ്പുരാൻ.

ശ്രീ.

ഈ ചെറുകാവ്യം എഴുതിത്തീൎന്നിട്ടു ഇപ്പോൾ പതിമ്മൂന്നുകൊല്ലങ്ങൾക്കു മേലായി. ഇതിൻെറ ഏതാനും ഭാഗങ്ങൾ രസികരഞ്ജിനിയിലും, ഭാഷാപോഷണിയിലും, ആയി പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിലുൾപെടാതെ ഇതിലുള്ളവ കഴിച്ചു് ഒടുവിലത്തെ ചില പദ്യങ്ങൾ എങ്ങിനെയോ കൈമോശം വന്നുപോകയുംചെയ്തു. രണ്ടാമതു എന്തെങ്കിലും അവയുടെ സ്ഥാനത്തു എഴുതി ചേൎക്കുക എന്നുള്ളതു് എന്നാൽ അസാദ്ധ്യം എന്നു തോന്നുകയാൽ ഞാൻ അതിന്നു ശ്രമിച്ചിട്ടില്ല.

അതികഠിനമായ വ്യസനത്താൽ ചഞ്ചലഹൃദയനായ ഒരുവൻെറ മനോവികാരങ്ങൾ ഒരേരീതിയിലും കാൎയ്യകാരണസംബന്ധത്തോടുകൂടിയും ഇരിക്കുന്നതല്ലല്ലോ. ഈ കാവ്യകാരൻെറ ഹൃദയം ഇതു കാവ്യം ചമച്ചപ്പോൾ ഏതാണ്ടു ആ സ്ഥിതിയിൽ ഇരിയ്ക്കുയായിരുന്നതിനാൽ, ആ ഒരു ന്യൂനത—ഒരു ന്യൂനതയാണെങ്കിൽ, ഇതിന്നു വന്നുപോയിട്ടുണ്ടു്.

സജ്ജനസമക്ഷം പ്രദൎശിപ്പിക്കത്തക്ക യോഗ്യത ഒന്നും ഇതിന്നു് ഇല്ലെന്നു ഗ്രന്ഥകൎത്താവിന്നു നല്ലപോലെ അറിയാം. ഇതു് അതിനായി ഉദ്ദേശിച്ചു കരുതിക്കൂട്ടി സൂക്ഷിച്ചു ചമച്ചിട്ടുള്ളതും അല്ല. പക്ഷേ തല്ക്കാലമുണ്ടായ മനോവികാരബാഹുല്യങ്ങൾ ഉള്ളിൽ അടക്കാൻ ശക്തിയില്ലാതെ വരുകയാൽ അവയെ അല്പം ശ്രമിച്ചു വൃത്തത്തിന്നു ഒപ്പിച്ചു എഴുതിവച്ചു എന്നേ ഉള്ളൂ.

മലയാളസാഹിത്യത്തിൽ അന്നു മിക്കവാറും അഭൂതപൂൎവ്വമായ ഒരു മാൎഗ്ഗത്തിൽക്കൂടി ഗമിച്ചിരിക്കുന്ന ഈ ചെറുകാവ്യം മുമ്പ് മാസികകളിൽ പ്രസിദ്ധംചെയ്യാൻ ഇടയായപോലെ ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്യണമെന്നു സഹൃദയന്മാരായ ചില സ്നേഹിതന്മാർ ഉപദേശിയ്ക്കുകയാൽ, ഇപ്പോൾ ഇങ്ങനെ പ്രസിദ്ധം ചെയ്യാൻ ഒരുമ്പെട്ടുന്നതാണ്.

സജ്ജനങ്ങൾ എന്റെ സാഹസത്തിനു ദയാപൂൎവ്വം മാപ്പുതരുമെന്നു വിശ്വസിക്കുന്നു.

ഈ ചെറുകാവ്യത്തിനു ഒരു ചെറുമുഖവുര എഴുതിത്തരണമെന്ന് അപ്പൻതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ ഞാൻ അപേക്ഷിച്ചു. എന്റെ അപേക്ഷയെ അവിടുന്നു കരുണയോടെ സ്വീകരിച്ചു എഴുതിഅയച്ചുതന്ന ഉപന്യാസം ഇതിൽ ആദ്യം ചേൎത്തിരിക്കുന്നു. മാതൃഭാഷയോടുള്ള അമിതഭക്തി നിമിത്തമോ, രാജാക്കന്മാൎക്കു സാധുക്കളോടു ഉണ്ടായിരിയ്ക്കേണ്ടതും അവിടേയ്ക്കു് നൈസൎഗ്ഗികമായി ഉള്ളതുംആയ അനുകമ്പാവിശേഷം നിമിത്തമോ, ഏതായാലും എന്നിൽ അവിടുന്നു പ്രദൎശിപ്പിച്ച വാത്സല്യത്തിനു ഞാൻ അവിടേയ്ക്കു് ആജീവാനന്തം കടപ്പെട്ടിരിക്കുന്നു.

എന്നു്

വെള്ളിമനഇല്ലം
കരുനാഗപ്പള്ളി.
൧൦൯൦ വൃശ്ചികം ൧൦-നു

വിനീതനായ
ഗ്രന്ഥകൎത്താവു്.

ഒരു വിലാപം.

ഒരുസംഗതിയിന്നപോലെതാൻ
വരുമെന്നാർക്കുമറിഞ്ഞിടാൻ പണി;
പെരുതുണ്ടു കുഴപ്പമെങ്കിലും
നിരുപിക്കിൽ ചിലരീതി കണ്ടിടാം;

വെളിവാകുവതിന്നു വേണ്ടപോൽ
തെളിവിന്നായ്ത്തിരയും ദശാന്തരേ
അരുളും പെരുതായ സങ്കടം
പലതായ്ത്തീൎന്നൊരു ദുഃഖദുൎഘടം; ൧

'ഇതുസുസ്ഥിര'മെന്നുറയ്ക്കുമ-
ങ്ങതുനേരത്തതു കെട്ടിടുന്നഹോ!
'ഇതു നശ്വര'മെന്നു തോന്നുമാ-
യതുവൎത്തിപ്പിതനശ്വരം ഭുവി; ൨

ഒരുവന്നു നികൃഷ്ടമൊന്നുതാൻ
പരമോൽകൃഷ്ടമതന്ന്യനെത്രയും;
ഒരു കണ്ണിന്നു നല്ലതൊക്കെമ-
റെറാരുകണ്ണിന്നു മഹാവിലക്ഷണം; ൩

ഇതിലീവിധമൊക്കെ വന്നിടാ-
മിതിപോക്കും, വിപരീതമായ്വരും;
അതിവിസ്മയമിപ്രപഞ്ചമി-
ന്നതിരററുള്ള മഹാരഹസ്യമാം. ൩

അജനവ്യയനായൊരീശ്വരൻ
നിജ സന്തോഷമതിന്നു തന്നയോ
പലമട്ടുവിചിത്രപൂൎണ്ണമാ-
മുലകാഹന്ത! ചമച്ചതീവിധം? ൪

പലചേതനമങ്ങചേതനം
തുലവിട്ടുള്ളൊരു മട്ടസംഖ്യമായ്
പലരൂപഗുണാദിയോട്ട ഭൂ-
തലമെങ്ങും പരിപൂൎണ്ണമെത്രയും; ൫

ചെറുപുല്ലുകൾപോലുമേതുമേ
വെറുതേയല്ല ജനിപ്പതൂഴിയിൽ;
സകലത്തിനുമുള്ള ജോലിതൻ
നികരം ചേൎന്നു താൻപ്രപഞ്ചവും. ൬

പലവൃക്ഷലതാദിയെണ്ണിയാൽ
തുലയാ, ലോഹശിലാദി വസ്തുവും,
ബഹുപക്ഷിമൃഗാദി ജന്തുവും,
ബഹുധാ ഭൂമിയിലുണ്ടവൎണ്ണ്യമായ്. ൭

ഇവസൎവ്വവുമീശ്വരന്റെ വൈ-
ഭവശക്ത്യാദിഗുണങ്ങൾ തമ്മുടെ
പരിപൂൎണ്ണതപൂണ്ട ചിഹ്നസം-
ഘതിതാൻ മൎത്ത്യനുപാഠമേകുവാൻ. ൧൦

പലജന്തുഗുണങ്ങളും, പരം
ഫലമേറുന്ന വിശേഷബുദ്ധിയും,
നിഖിലം നിജപാട്ടിലാക്കുവാ-
നിയലും ശക്തിയുമാൎന്നു നിസ്തുലം, ൧൧

ഒരുജീവി ജനിച്ചു മാനുഷൻ,
ധരയിൽ സൃഷ്ടിയുമന്നു പൂൎണ്ണമായ്;
പരമേശ്വരസൃഷ്ടികൌശലം
പരമോൽകൃഷ്ടതയേയുമാൎന്നതേ. ൧൨

പരജീവികളിൽ പെടാത്തതായ്
പലചട്ടങ്ങൾ കലൎന്നു മാനുഷൻ,
ഉലകൊക്കെയുമെന്റെയെന്നുതാ-
നുളറിപ്പൊങ്ങിനടന്നിടുന്നിതാ! ൧൩

എവിടുന്നെവിടേക്കുവന്നു ഞാ-
നെവിടേക്കാണു ഗമിപ്പതിന്നിമേൽ,
ഇവനേതുവഴിക്കുപോവതി-
ങ്ങെവനാണേവ്വഴി കാട്ടിടുന്നതും, ൧൪

ഇവനുള്ളൊരുജോലി എന്തു,താ-
നെവിടെച്ചെയ്യുന്ന,മേതുമാതിരി,
അതിനിന്നിയലുന്നകാലമേ-
തി,തിചിന്തിപ്പവരെത്ര ദുർല്ലഭം? ൧൫

ഗുണമെന്നൊരു വസ്തുമാത്രമ-
ല്ലിണയായ് ദോഷവുമൊന്നു കാണുമേ;
ഗുണദോഷവിവേകമെന്നിയേ
പിണയും തെററുകളററമററതാം. ൧൬

ഒരുനാടു പിടിച്ചടക്കി, ന-
ല്ലൊരുവൻകോട്ട ചമച്ചുറപ്പിനായ്,
മണിമേടമഹാവിശേഷമായ്
പണിചെയ്താായതലംകരിച്ചതിൽ, ൧൭

സുഖമായ്ക്കുടികൊണ്ടിടാമിനി-
സ്സുകരം സർവ്വവുമെന്നുറയ്ക്കവേ
പിടിവിട്ടിഹനാടുമൊക്കയും
കടലിൽതാണു മുടിഞ്ഞിടുന്നഹോ! ൧൮

അറിവില്ല കഴിഞ്ഞതൊന്നുമേ;
അറിയാവല്ല വരുന്ന കാൎയ്യവും;
അഥ നൂനമടുത്തമാത്രയിൽ
കഥയെന്താണതുമാക്കറിഞ്ഞിടാം? ൧൯

വെറിയോടു ജഗത്തിനൊത്തിടും
മറിമായങ്ങളറിഞ്ഞിടാനരൻ;
ഫലമെന്തുവിശേഷബുദ്ധിയാൽ
കലരുന്നുണ്ടവനായവസ്ഥയിൽ? ൧൦

അയി!ജീവിത ശൈലമൌലിയിൽ
കയറാൻ കോപ്പുകളം കൂട്ടിടുന്നിഹ
നരസഞ്ചയമാശയായിട്ട-
ന്നൊരു പാശത്തിനെയാശ്രയിച്ചുതാൻ. ൧൧

ചിലരാദ്യമതിൽപിടിയ്ക്കവേ,
ചിലരൊട്ടങ്ങു കടന്നു കൂടവേ,
ചിലരററമണഞ്ഞു 'പാററി'യെ-
ന്നലമോർത്തുള്ളു രസിച്ചു തുള്ളവേ, ൧൨

അതുപൊട്ടിമറിഞ്ഞഗാധമായ്
മുതിരും മുള്ളു നിറഞ്ഞ കുണ്ടതിൽ
ബത! വീണു വലഞ്ഞു രക്ഷതൻ
വഴികാണാതെ വശംകെടുന്നഹോ! ൧൩

ഒരുവിത്തുവിതച്ചുമേൽസുഖം
കരുതിക്കൊണ്ടു മുളച്ചുതങ്ങനെ,
വളമിട്ടു വളൎന്നു പൊങ്ങവേ
തലവെട്ടുന്നിതു ചാഴികഷ്ടമേ. ൧൪

"വഴിപോലെവരുന്നതൊക്കയും
വിധിയെന്നോൎത്തു പൊറുക്കയെന്നിയേ
കഴിവില്ലൊരുവൎക്കുമൊന്നു"മീ-
മൊഴിനേരെങ്കിൽ മനുഷ്യനെന്തുതാൻ? ൨൫

"മകനാശു പരീക്ഷയൊക്കയും
പുകഴോടിന്നു ജയിച്ചു വന്നിടും,
വഴിപോലിനിമേൽ സുഖിച്ചിടാം,
പരമുദ്യോഗമവന്നു കിട്ടിടും; ൨൬

ഇനിനമ്മുടെ ഭാഗ്യകാലമായ്;
ധനവും മാനവുമിങ്ങുയൎന്നിടും;
പല കഷ്ടതയോടെതിൎത്തിനി
പ്പുകവീട്ടാം പരമീശപോലവേ. ൨൭

ഇതിചിന്തയൊടഛനമ്മമാ-
രെതിരേല്ക്കാൻ പടിവാതൽ കാക്കവേ
സുതനോ, പുകവണ്ടിയാററിൽവീ-
ണതികഷ്ടം വഴിമേൽ പരേതനായ്. ൨൮

'ശുകവാണി ഗമിച്ചിടട്ടേ ഞാൻ
പകലേതന്നെ തിരിച്ചുവന്നിടാം';
ഇതുചൊല്ലിയുഷസ്സിൽവേർപിരി-
ഞ്ഞിതു കാന്തൻ നിജവേല നോക്കുവാൻ. ൨൯

അരിയും കറിയും ചമച്ചുപോയ്
കുളിചെയ്തുകുറിയും ധരിച്ചവൾ
വരവാണിയൊരുങ്ങിയങ്ങവൻ
വരവുംപാർത്തിറയത്തു നില്ക്കയും. ൩൦

മിഴിനിശ്ചലമായ് പ്രതിക്ഷണം
വഴികാണുംവരെ നീട്ടിനോക്കയും,
പലവാറുമിടയ്ക്കവൻ വരും
വഴിമദ്ധ്യംവരെ വന്നുപോക്കയും, ൩൧

മുകുരാന്തികമെത്തിയാശു തൻ
മുഖവും പൂമുടികെട്ടിവച്ചതും
ഉടുമോടിയുമിഷ്ടനിഷ്ടമാ-
യിടുമോയെന്നു പരീക്ഷ ചെയ്കയും; ൩൨

ഒരുപക്കമെകന്ന താലിനേർ
വരുമാറൊന്നു, പിടിച്ചുനീക്കയും,
നയനാഞ്ജനമൊന്നൊലിച്ചത-
മ്മടിതൻതുമ്പതിനാൽ തുടയ്ക്കയും. ൩൩

ഇടയിൽ പ്രിയമായ് പ്രിയൻെറ കാ-
ലടികേട്ടെന്നു പകച്ചു കേവലം
ഉടനോടിവഴിക്കലെത്തിയു-
ള്ളുടതാപാൽ തിരിയെഗ്ഗമിക്കയും; ൩൪

ഇവിടെബ്ഭ്രഹളങ്ങളിങ്ങനേ
ശിവനേ! തൽസുഖമൂലമെങ്ങവൻ?
അവനൊ? കഠിനം ശുഭാംഗിയാ-
ളവൾതന്നാശ നശിച്ചു സർവ്വവും. ൨൪

ഒരു കുട്ടിയെയങ്ങു കിട്ടുവാൻ
പെരുതാകും കൊതിപൂണ്ടനേകനാൾ
പുരുപുണ്യഗണങ്ങൾ ചെയ്തുതാ-
നരുളുന്നോക്കു ലഭിപ്പതില്ലഹോ. ൨൫

പുരുദുഷ്ടതയോടു ഹന്ത! നി
ഷ്ഠുരരായീശവിചാരമെന്നിയേ
നിജസന്തതി നാശമാകുവാൻ
വിജനേ വേലകൾ ചെയ്യുന്നാരതം, ൨൬

മരുവും മനുജക്കു മക്കളൊ-
ട്ടുളവാകുന്നു മുറയ്ക്കു പിന്നെയും,
അളവററ ധനിക്കു വീട്ടില-
ങ്ങനുഭോഗത്തിനൊരാളുമില്ലഹോ! ൨൭

ഒരു കാശിനു പോക്കുവിട്ടഹാ!
കഠിനം? കഷ്ടത തൻനികൃഷ്ടമാം
പലനിഷ്ഠുരതയ്ക്കധീനമായ്
മരുവും മാനുഷർ തന്നവസ്ഥയോ? ൨൮

ഒരുവീട്ടിലൊരമ്പതിൽപരം
പുരുഷാരം നിജ മൈപുലൎത്തുവാൻ
പണിചെയ്വതിന്നായിടാതെ പ-
ട്ടിണിതൻ! ഭക്ഷണമായ് ജനിപ്പിതു. ൪൦

ഞൊടികൊണ്ടൊരു വാൎത്തയൊക്കെ, വൻ-
കടലിന്നക്കരെയങ്ങയച്ചിടും;
എരിതീയുടെ കൂട്ടുവിട്ടിനി-
പ്പുരുശോഭാസ്പദദീപമേകിടും; ൪൧

അകലത്തതിവേഗമെത്തുവാൻ
തനിയേപോമൊരു വണ്ടി നൽകിടും;
ഗഗനേ ലഘുപക്ഷമെന്നിയേ
ഗമനംചെയ്വതിനും തുണച്ചിടും; ൪൨

പലകൃത്രിമസൂത്രമെത്രയും
സുലഭം തീൎപ്പതിനായ്ക്കഴിഞ്ഞിടും;
അതിമാനുഷനെങ്കിലും മൃതി-
യ്ക്കടിമപ്പെട്ടു നശിക്കുമേവനും. ൪൩

കുലയാനകളേമരുക്കിന-
ല്ലടിമപ്പാടുകൊടുത്തിടും നരൻ
കടുകാലമതിന്നഹോ! ബലാ-
ലടിമപ്പെട്ടു, കഴിഞ്ഞിടുന്നിതാ. ൪൪

ഗുരുതാപഭരം വളർത്തുവാൻ
കരുതീട്ടോ നരനേകിയീശ്വരൻ
പരജീവികളിൽ പെടാത്തതായ്
പലവൈചിത്ര്യമെഴും ഗുണങ്ങളേ? ൪൫

ജഗദീശ്വര! നിൻ വിലാസമെൻ
ഭഗവാനേ! പരമാർക്കറിഞ്ഞിടാം
നിഗമാലയ! നിൻപദാബ്ജമീ-
യഗതിക്കാശ്രയമെന്നുമെന്നുമേ. ൪൬

ഭവദീയമതപ്രകാരമാം
ഭുവനത്തിങ്കലശേഷകാര്യവും
അതിദുസ്സഹമെന്നൊരുത്തനാ-
യതുമീലോകഗതിക്കു വേണ്ടതാം. ൪൭

അതിനാലൊരു ദുഃഖസംഭവം
മതിഭേദിച്ചണയും ദശാന്തരേ,
അതിയാമഴലെന്തിനായതോ
മതിയായോരു ഗുണത്തിനാസ്പദം. ൪൮

ഇതുവാസ്തവമെങ്കിലും വിഭോ!
ഹിതമായാലുമടങ്ങുവാൻപണി
പുതുതായൊരു ശക്തി മാനുഷ-
ക്കതിനായ് നീയരുളേണമാദ്യമായ്. ൪൯

ഉരുസങ്കടമോചനത്തിനായ്
വരുമേ കാംക്ഷ മനുഷ്യനെപ്പൊഴും;
തരുകില്ലതു തത്വബോധവും
ചെറുതെന്നാലുമഹോ തനിക്കു താൻ. ൩൦

“തവ ദുഷ്കൃതമത്രമാത്രമേ
തനിയേ ദുഃഖനിമിത്തമായത് ”
ഇതിതത്വവിചാരമെങ്ങനെ
തരുമാശ്വാസമൊരല്പമെങ്കിലും? ൩൧

അഴലുണ്മതുകൊണ്ടഘങ്ങളംപോ-
യൊഴിവാമെന്നതു സത്യമാസ്സുരാം;
ചെറുബാലനു കയ്ക്കുമൌഷധം
വര,മെന്നാലുമസഹ്യദുഃഖദം. ൩൨

പിഴയേതിനു ചേർന്നശിക്ഷയീ-
യഴലെന്നുള്ളറിവേകിടാതെ നീ
ഒഴിവൊന്നുമെഴാതെ താനകം
കുഴലും താപമണപ്പതൊത്തതോ? ൩൩

സകലജ്ഞനമേയ,നീ,യിവൻ
പരമൊന്നും തെരിയാത്തമർത്ത്യനാം,
അഴലീവിധമേററു മാഴ്കുവാ-
നതികഷ്ടം! പിഴയെന്തുചെയ്തു ഞാൻ? ൩൪

അറിവുള്ളജനം പൊറുക്കണം
തെറിചെയ്യുകിലുമജ്ഞനായവൻ;
അറിവേകണമല്ലയെങ്കിൽ, ഞാ-
നറിയുന്നീല മമാർത്തികാരണം. ൩൩

തവദൂഷണമാണിതെന്നു നീ
ഭുവനാധീശ! ഭൃശം നിനയ്ക്കൊലാ
അവശതചമടക്കുവാൻ ബലം
ലവമില്ലാഞ്ഞു പുലമ്പിടുന്നിവൻ. ൩൪

ഇദമെൻ സുസുഖത്തിനേകമാം
സദനം കത്തിയെരിഞ്ഞിടും വിധൌ
ഹൃദയം മമ മൂടിവാച്ചിടും
കദനം ഹന്ത സഹിപ്പതെങ്ങനേ? ൩൫

ചതിപൂണ്ടു ചുഴന്ന മാലിനാൽ
ഗതികാണാതെയുഴന്നു സർവ്വദാ
കരയുന്നതിനെക്ഷമിക്കണേ!
കരയില്ലേ കദനാംബുധിക്കു മേ. ൩൬

പലനാളനുരാഗമാർന്നുവാ-
ണലസാതങ്ങിണചേർന്നു ദൈവമേ
തുലവിട്ടു ഭവാനു ഞങ്ങളിൽ
പുലരും സൽകൃപകൊണ്ടനന്തരം, ൩൭

വളരെദ്ദിനമാഗ്രഹാംബുധി-
യ്യൂടിയിൽത്താണു തിരഞ്ഞു കിട്ടിമേ
വിലയെററൊരു മുത്ത,തിന്നിതാ
ഹതദൈവാംബുവിൽ വീണദൃശ്യമായ്. ൩൦

പലനാളുകളാൽ മുളച്ചു വാ-
ച്ചലമാശാലത ചിത്തനിഷ്കുടേ
ഹര! നിൻകൃപകൊണ്ടു നല്ലതാ-
യൊരുപൊൻപൂവുളവായി ഭംഗിയിൽ. ൩൧

അതുനോക്കിയുമങ്ങുലാളനേ
മതിവെച്ചും ദിവസം കഴിച്ചു ഞാൻ
മനതാരിലുദിച്ച സൌഖ്യമ-
ങ്ങതിരില്ലാതെ വളൎന്നു നാൾക്കുനാൾ. ൩൨

ജലദങ്ങൾ മറച്ചിടാതെ നി-
ശ്ചലമാസ്താരകരാശിപൂൎണ്ണമായ്
നിശിവേനലിലുള്ള വാനുപോൽ
നിതരാം നിൎമ്മലമായി മന്മനം. ൩൩

ഉടനേകടുവൎഷമെത്തിടും
കൊടുതാം കാറുപരക്കുമംബരേ
സ്ഫുടസൌഖ്യമിയന്നു വാണനാ-
ളിടയായില്ലിതി ചിന്തചെയ്യുവാൻ. ൩൪

തിരി എണ്ണനശിച്ചു കൂട്ടമാ-
യെരിയും കാന്തിയതിൽ ഭ്രമിച്ചു ഞാൻ
അതുവേഗമണഞ്ഞുപോകുമെ-
ന്നതുനാളാരു നിനച്ചു ദൈവമേ! ൩൨

കുളുർതിങ്കളിനൊത്തൊരോമന-
ച്ചെറുപെൺപൈതലെയമ്പിയന്നു നീ
തരസാ, മമതന്നു; തൃപ്തനായ്
സഫലം മാമകജന്മമെന്നു ഞാൻ. ൩൩

അതിനൊത്തൊരു നിൻകൃപാമൃതം
ചതിവേറും ഗരളാംബുവായിതാ.
അതിദുസ്സഹതാപമേകിമാം
ഹതിചെയ്യുന്നു ഹനിച്ചിടാതെ താൻ. ൩൪

മൃദുനെററിയിലമ്മവെച്ചുമ-
ക്കളുർമെയ്യൊന്നു പുണർന്നുമങ്ങിനെ
മതിലേഖയൊടൊത്ത കുഞ്ഞിലെൻ
മതിതാൻചേർന്നു ലയിച്ചു നല്ലപോൽ. ൩൫

മകൾവന്നൊരുകാര്യമെന്നിയേ
കരയുമ്പോഴതിയായ് കയർത്തു ഞാൻ
മമജീവിതനാഥയോട്ടമ--
ക്രമമായ് തോന്നിയതേതിയെത്രയും. ൩൬

ഒരുനേരവുമെൻെറയോമലെ-
ന്നൊഴിവായ് മെററാരുചിന്തയില്ലമേ
മതിസൌഖ്യമഹാംബുധിയ്ക്കക-
ത്തതിയായ് നീന്തി മുദാ മറിഞ്ഞു ഞാൻ. ൧൦

ചെറുപൈതലിനെഗ്രഹിച്ചു സ-
മ്മദമോടേകരസമ്പുടങ്ങളിൽ
പുലർകാലമതിൽ സുഖിച്ചു ഞാൻ
നടുമുററത്തു നടന്നു നിത്യവും. ൧൧

ചിലതൊക്കെയഹം പറഞ്ഞിടും,
കഥയില്ലാതവളും ചിലച്ചിടും,
അതുകണ്ടു മനസ്സഴിഞ്ഞു ഞാ-
നൊരുനൂറായിരമുമ്മവച്ചിടും. ൧൨

കരയും ചിലനേരമപ്പൊഴെൻ-
കരമാട്ടിച്ചിലപാട്ടു പാടിടും,
ചെറുകണ്ണുകൾ ചിമ്പിയോമലപ്പ-
പ്പൊഴുതത്യന്തസുഖം മയങ്ങിടും. ൧൩

ചെറുമെത്തയതിൽ കിടത്തിയ-
ങ്ങരികിൽത്തന്നെയിരുന്നനന്തരം
കുളുർമെയ്യുമഹോ! മുഖാബ്ജവും
കുതുകാൽ നോക്കിയഹോ സുഖിച്ചിടും. ൧൪

ഇഹമേലിലവൾക്കു വേണ്ടതായ്
ബഹുകൃത്യങ്ങൾ നടത്തിടേണ്ടവ
സ്വയമേ മമ ഹൃത്തടേ മുറ്-
യ്ക്കുയരും വന്തിരമാലപോൽ തദാ. ൧൨

ഇവളെന്മകൾതാൻ വളൎന്നിടും
സിതപക്ഷത്തിലെയിന്ദുവെന്നപോൽ
ഗദമൊന്നുമണഞ്ഞിടാതെ താൻ
ചിതമോടീശ്വര! നിന്നനുഗ്രഹാൽ. ൧൩

സുകുമാരികടന്നു ശൈശവം
വലുതാംസൌഖ്യമെനിക്കുയൎത്തിടും;
അറിവിന്നുരുവിദ്യനൾകുമാ-
യതിനാൽ ക്ഷേമമവൾക്കുദിച്ചിടും. ൧൪

അറിവാമമൃതംപകൎന്നു ത-
ന്മനമാംപൂങ്കൊടി ഞാൻ വളൎത്തിടും;
പലസൽഗുണപുഷ്പസഞ്ചയം,
പുലരും സൽകൃതി സൽഫലങ്ങളും; ൧൫

നവയൌവനപൂൎണ്ണയായ്വരും
നവശോഭാവികസിച്ച പൂവുപോൽ.
അവളിൽ ദൃഢരാഗമുള്ളന-
ല്ലവനായ് ഞാനവളെക്കൊടുത്തിടും; ൧൬

ഒരുനീചതയു പെടാതെ താൻ
മരുവുമ്പോളവരീശചിന്തയാ
തരുണാക്കനൊടൊത്തുദിക്കമെ-
ങ്ങൊരുകുഞ്ഞതന്നു സുഖത്തിനായ് മമ. വ്യം

ഇതുപോലവസാനമററു മ-
ന്മതിയിൽതോന്നിയതൊക്കെയോക്കവേ
അഴലാവിയതായി വീൎത്തു വീ-
ൎത്തകമേ മേനി പിളൎന്നിടുന്നു മേ. വ്യഫ

ചിലനാഴികനേരമീവിധം
തുലയും വേളയിൽ നിദ്രവിട്ടവൾ
ഉളവായവിശപ്പിനാലുടൻ
കരയും പാലുകുടിച്ചുകൊള്ളുവാൻ. വ്യവ

മമഭക്ഷണമങ്ങൊരുക്കയോ,
മമകുഞ്ഞിന്നരമിങ്കുവയ്ക്കയോ
ഗൃഹജോലികളിൽ ഭ്രമിച്ചു താൻ
ബഹളംപൂണ്ടു വസിയ്ക്കുമെൻപ്രിയ. വ്യന്വ.

കുളിയില്ലതിദീൎഘമാവിധം
കുറിയും വേണ്ട വിഭൂഷണത്തിനായ്
മണിഭൂഷകൾ, നല്ലമുണ്ടുമ-
ങ്ങണിയാറില്ലവൾ കാൎയ്യഗൌരവാൽ. വ്യർ

നിജജീവനു നൂനമാശ്രയം
നിജനാഥൻ നിജപുത്രിരണ്ടുപേർ;
അവർതൻപരിചയ്യ്കൊണ്ടുതാ-
നവൾ സൌഖ്യേന നയിച്ചു നാളുകൾ. വ്യ൭

ശിശുരോദനമങ്ങുകേൾക്കവേ
പ്രിയമാതാവവൾ പാഞ്ഞു വന്നിടും
കരയേണ്ടയി കൊച്ചുതങ്കമേ
പരമെന്നോതിയെടുത്തു മുത്തിടും; വ്യന്ദ

ചെറുകുമ്പനിറച്ചു പാൽകുടി—
ച്ചുരുസന്തുഷ്ടികലൎന്ന ഞങ്ങളെ,
മുലവിട്ടുഥനോക്കി മാനസം
കവരും പുഞ്ചിരിതൂകുമോമലാൾ; വ്യ൯

മതിയായവൾ, ലീലപൂണ്ടഫം-
മതിയാൽ പാലുനിറച്ചു വായയിൽ
മുലവിട്ടു മുഖത്തുനോക്കി നൽ
ചിരിയാൽ തുപ്പിയഫോ കളിച്ചിടും. വ്യവ്വ

കടവായ്ക്കുളിൽനിന്നു നിമ്മലം
മധുരക്ഷീരമൊലിച്ചു മിന്നിടും
സ്ഫടികോപമഗണ്ഡമാസ്വദി-
ച്ചധരം ഞങ്ങടെയാന്നിടും സുഖം. [വ്യൻ

കരയാതെകളിക്കുമപ്പൊഴെ-
ന്നരികിൽത്തന്നെകിടത്തി നിന്നിട്ടും
പരമുള്ളൊരവസ്ഥ പിന്നെയെൻ-
പരമേശാ! പറയാവതല്ലമേ. ൯൦

ഇരുകൈവിരൽചേർത്തുവായിൽവ-
ച്ചുരുമോദത്തൊടു മൂളിയെന്മകൻ
ഇരുകാലുമിളക്കിയും മല-
ന്നരുളിക്കണ്ണിനു പുണ്യമേകിടും. ൯൧

ഉണരുംപതിവായി രാവിലേ
പുണരും ഞാനുമടുത്തുചെന്നുടൻ
കുളുർചന്ദ്രികതോററപുഞ്ചിരി-
ക്കളികൊണ്ടെന്റെ മനം മയക്കിടും. ൯൨

ഒരുനാൾവിരൽ നീണ്ടു, തിങ്ങി, നൽ-
ച്ചുരുളാർന്നങ്ങു കറുത്ത ഭംഗിയിൽ
വരിവണ്ടണിപോൽ വിളങ്ങിടും
പുരികുന്തൽക്കൊടിയും മനോഹരം, ൯൩

അളകം കുനുചില്ലിരണ്ടിനും
വിളയാടാൻ വിളയായി വെണ്മയിൽ
മതിമണ്ഡലഖണ്ഡകോമള
ദ്യുതിതൂകിത്തെളിയും ലലാടവും, ൯൪

കളനീലിമപൂണ്ടപക്ഷ്മമാ-
ന്നിളകും ദ്രഷ്ടികളോടുമിന്നിടും
രസപൂൎണ്ണവിലോചനങ്ങളും,
രസമേകും ചെവതായ നാസയും, ൯൩

മൃദുചെഞ്ചൊടി ചന്തമേറിടും
രദനം, നൽസ്ഫടികംകണക്കെഴും
കവിളല്പമെഴുന്നതാടിയും,
സവിധേനോക്കിയഹം സുഖിച്ചിടും. ൯൪

കുര,ശ്ശൂല,കരപ്പ,നേററമി-
ത്തരമോരോഗദമെപ്പൊഴെങ്കിലും
വരവേപരമാധി പൂണ്ടു ഞാൻ
ശരണം ദൈവമതെന്നുറച്ചിടും. ൯൫

ഇരവിങ്കലുറക്കമെന്നിയേ
പരിചൎയ്യക്കു തുനിഞ്ഞു ഞങ്ങളും
അരികത്തുവിളക്കമായ് സദാ
മരുവും മാലുകലൎന്നു മാനസേ; ൯൬

ഒരുവൈദ്യനെയാനയിച്ചിടും,
തിരയുംപിന്നെമരുന്നിനെങ്ങുമേ,
ചെറുപൈതലിനായലച്ചിലാൽ
വരുമേവന്നു മുഷിച്ചിലൂഴിയിൽ? ൯൭

ഉളവാമുടനേസുഖം; യഥാ
തെളിയും കാറുകൾനീങ്ങി വാനിടം;
കളിയും ചിരിയും തുടൎന്നിടും,
നളിനാപാംഗി സദാപി പൂൎവ്വവൽ. ൧൦൦

പരമീവിധമുള്ള ചിന്തതാൻ
തരുമാശ്വാസമനന്യജം മമ
അവൾരോഗമൊഴിഞ്ഞു ഭംഗിയിൽ
തെളിയും, മന്മനവും വിടൎന്നിടും. ൧൦൧

അഴലെത്ര സഹിച്ചു ദുസ്സഹം
പിഴപററാസ്സുതിനായ് ശ്രമിക്കയിൽ;
നിശയെത്ര നയിച്ചു നിദ്രതൻ
വശരാകാതിഹ ഞങ്ങളന്നഹോ! ൧൦൨.

കുളിഭക്ഷണമാദിയായിട്ടും
ദിനകൃത്യങ്ങളുമെന്നിയേ സദാ
ഒരുദീനമുദിക്കവേ മകൾ-
ക്കുരുശുശ്രൂഷയിൽവച്ചു ഹൃത്തടം. ൧൦൩

ചെറുതായൊരു നീരിളക്കവും
പെരുതാംസങ്കടമേകി ഞങ്ങളിൽ
തുവരാതെ കവിൾത്തടങ്ങളിൽ
കവിയെത്താഴെയൊലിച്ചു കണ്ണുനീർ. ൧൦൪

രുജതൻശമനത്തിനായ്തദാ
വിജനേ രോദനമോട്ട സാദരം
അജനായൊരു ദേവദേവനെ-
ബ്ഭജനംചെയ്തു പലപ്പൊഴും പരം. ൧൦൭

അയിനാഥ! ദയാപയോനിധേ!
മയിതെല്ലാർദ്രതതോന്നണേ വിഭോ!
'അശ്രു'വായിട്ടുമെൻെറ കുഞ്ഞിനെ-
ബ്ഭൃശമാപത്തുവരാതെ കാക്കണേ. ൧൦൮

വഴിവാട്ടകളെത്രയെത്രതാൻ
വഴിപോലന്നു കഴിച്ചു ഭക്തിയായ്
അഴകാന്നവൾ മെയ്മറച്ചിട്ടും
നിഴൽപോവാൻ ഹരിതൻകൃപാംശുവാൽ. ൧൦൯

തളിരൊത്തൊരുമെയ്തളൎന്നു നൽ-
ക്കളിയുംവിട്ടുരുളുന്ന കുഞ്ഞിനെ
ഉളവായ് മമ കാണവേയുട-
ക്കുളിയമ്പേററതുപോലെ നീററലും. ൧൦൰

മകൾതന്നുടെ രോഗമാറുവാൻ
മികവും വാഞ്ഛയൊട്ടുംശ്രമിക്കവേ
ഇഹഞാൻ മമ ജീവനും ദൃഢം
ബഹുനിസ്സാരമതായ് ഗണിച്ചുതേ. ൧൦൧

പലപാട്ടുകളും കരച്ചിലും
പലമൽപ്രാൎത്ഥനയും ഭവിച്ചിതാ
ഫലഹീനമതായി; വീണു ഞാൻ
നിലയില്ലാത്തൊരു താപസിന്ധുവിൽ. ൧൦

കരയുന്നതിനൊച്ചയില്ലമേ,
ചൊരിയാനില്ലിഹ ബാഷ്പവാരിയും,
പെരുതായൊരു ജാഡ്യമാൎന്നു വ-
ന്മരുഭൂമിയ്ക്കെതിരായി മാനസം. ൧൧

തെളിവോടിഹ മുററമൊക്കയും
കളിയാടീടിന കൊച്ചുപൈതലാൾ
ഒളിവായിതു; താലിയററൊര-
ഗ്ഗളമൊക്കുന്നതിശൂന്യമിസ്ഥലം. ൧൨

ചിലനാളുനിലത്തുനീന്തി നി-
സ്തുലകാന്ത്യാ വിളയാടിയോമലാൾ
വിലവിട്ടൊരു ഭംഗിയോടുപി-
ന്നലകിൽ പിച്ചനടന്നു കൊഞ്ചിനാൾ. ൧൩

നിലവിട്ടവളോടിയോടിയി-
സ്ഥലമെങ്ങും കളിയാടിമോടിയിൽ
കലുഷേതരയാം കുമാരിമേ
വലുതാംമോദമമേയമേകിനാൾ. ൧൪

അധികാസ്സുടവൎണ്ണമോടുമ-
ന്മധുരാസ്പഷ്ടവിശിഷ്ടവാണിയാൾ
ഇതു് 'താത'നി 'തമ്മ'യെന്നറി-
ഞ്ഞവ, നൽപൈങ്കിളിപോലെ പേശിനാൾ. ൧൧൫

പറകെന്മകടച്ഛനെങ്ങുപോയ്
പലരേവം പരിചോടു കേൾക്കവേ
ചിരിപൂണ്ടു 'മറത്തിൽ' എന്നുടൻ
ചൊരിയും തേന്മൊഴി ചേലൊടോമലാൾ ൧൧൬

ഉദയത്തിനുമുമ്പുറങ്ങുമെൻ
നികടേവന്നു നിറഞ്ഞകൌതുകം
മമകാതതി 'ലച്ച' 'യച്ച' യെ-
ന്നമൃതം തൂകിയുണൎത്തുമോമന. ൧൧൭

മമമാറതിലേറി വാണുകൊ-
ണ്ടമിതാനന്ദമൊരോന്നുരച്ചിടും;
ചെറുപാട്ടുകൾ പാടിയാൎത്തിടും
തരുമിങ്ങുമ്മകളും പലേതരം. ൧൧൮

ഉടനമ്മയെടുക്കുവാൻ തുട-
ന്നിടുകിൽ കയ്യുതറിക്കമിഴ്ന്നവൾ
ഉടലെന്നൊടുചേൎത്തു കെട്ടിയെ-
ന്നടെമാറത്തു കിടന്നിടും ക്ഷണം. ൧൧൯

കളിചെയ്യതിന്നായി ഞാൻ ഗമി-
പ്പളവെന്നോടൊരുമിച്ചുവന്നിട്ടും,
ഒരുകല്പടമേലിരുന്നു ന-
ല്ലൊരു കൈവാരിയിലിട്ടടിച്ചിട്ടും. ൧൨൦

വിരവോടു തുടിച്ചു പൊങ്ങിടും
നുരകണ്ടാർത്തുചിരിക്കുമോമലാൾ,
'ഹരി' എന്നു വിളിച്ചുചൊല്ലിട്ടും,
സരസം, ഞാനഥ മുങ്ങിടും വിധൌ. ൧൨൧

കുളുർമേനിതുടച്ചു ഭംഗിയായ്
തെളിയും വാർകുഴലും വകഞ്ഞു ഞാൻ
എളിതന്നിലെടുത്തു കൊണ്ടുപോ-
മളവെൻ നിർവ്വതി കിട്ടുമെന്നിനി? ൧൨൨

കുളിയും ജപവും കഴിഞ്ഞതിൻ
പിറകേയ്യണ്ണിനു ചെന്നിരിക്കവേ
ഉടനെത്തിയിരിക്കുമെന്നിടം
തുടയിൽ പൂമൊഴി താനുമുണ്ണുവാൻ. ൧൨൩

നറുനെയ്യുമൊഴിച്ചുരുട്ടിഞാൻ
ചെറുതായ്, ചോറു കരത്തിൽ വച്ചിട്ടും,
നിറയുംവരയും ഭുജിച്ചിട്ടും
ചെറുതും ശാഠ്യമുയർത്തിടാത്തവൾ. ൧൨൪

മതിയാമുടനോമനക്കരം
നിറയെച്ചോറുമെടുത്തെണീററവൾ
മമ വാനതിൽവച്ചു മെച്ചമായ്
സ്സുടം 'അം' എന്നു ചിരിച്ചുരച്ചിടും. ൱൰൫

മുലയങ്ങു കുടിച്ചു വാഴമാ-
യളവിൽ കണ്മുന നീട്ടിനോക്കിമാം
വരികമ്മ, കുടിക്ക,യെന്നുപൊൻ-
കരതാർ കൊണ്ടതുതൊട്ടു കാട്ടിടും. ൱൰൬

ഇതു മാമ താതനെന്നുമാം
പ്രതിവേറേചിലരോതിടും വിധൌ
ഉരചെയ്തുവ'ളെന്റെ''യെന്റെ'യെ-
ന്നരമെന്നേമുറുകെപ്പുണന്നിടും. ൱൰൭

അരികത്തൊരുകൊച്ചുമുണ്ടതാ-
വരികച്ചാ, ഇതിവന്നു മന്ദമായ്
ഉരുവിട്ടിടുമെന്റെ കൊച്ചുകു-
ഞ്ഞുരചെയ്യുംമൊഴി ഹാ! നശിച്ചുമെ. ൱൰൮

പൊടിപൂണ്ടൊരു മേനിയോടുമെ-
ന്മടിയിൽകേറിയിരിക്കുമോമന.
പൊടിയായതു മാറു ചന്ദന-
പ്പൊടിയേക്കാൾ ശിശിരീകരിച്ചിടും, ൱൰൯

പനിനീരു മൃണാളവല്ലി, നൽ-
പനിതൻകട്ടിയിവയ്ക്കുതന്നെയൊ?
കുളിർക്രട്ടമവറ്റുക്കെഴുന്ന പൂ-
വൊളിമെയ്യോപറയാവതല്ലമേ. ഫന:

ചെറുപൊന്നരഞ്ഞാണുചാത്തിയ-
ത്തരിയിട്ടുള്ളൊരു പൊൻചില'മ്പുമായ്
ഗളസീമ്നിപതക്കമോട്ടനൽ-
ക്കളിയാടുന്നവളേമറക്കുമോ? ഫന ൧

ശശിതൻകലപോലെ കോമളം
ശിശിരം തൻമൃദുവാം കളേബരം
പുണരുമ്പൊഴുതെൻവപുസ്സുപൂ-
ണ്ടുണരും നിർവൃതി ഹന്ത ദുർല്ലഭം. ഫണ ൨

മധുവും സുധയും മയങ്ങിടും
മധുരാലാപിനിതന്റെ ഭാഷിതം
വിധിപോലെ മമാധിതീർത്തുത-
ന്നതികാശപാസസുഖം ചെവിക്കുമേ. ഫണന

പുരുസുന്ദരകാന്തിചിന്തിട്ട-
ന്നൊരുമെയ് കണ്ണിനു വെണ്ണിലാവുതാൻ;
പെരിയോരുവിലാസഭംഗിയാൽ
പരമാക്കും മനതാർ മയങ്ങിടും. ഫണര്

മലമററ കവിൾത്തടത്തിലും
മലർപോൽ നേത്തൊരു ചുണ്ടുരണ്ടിലും
പലവാറഹമുമ്മവച്ചഹോ!
വിലവേററ സുഖം ഭുജിച്ചിതു. ൧൨൪

അവൾമേനിയെടുത്തു സൽസുഖം
തവരാതേൽക്കുമിവൻെറ കൈയ്യുകൾ,
സകലേന്ദ്രിയമംഗപങ്‌ക്തിയും
സുഖപൂർണ്ണാബ്ധിയിൽ നീന്തിയാവിധം. ൧൨൫

മമതാപമകററുവാനെഴും
മമതാവാസമഹാരസായനം
മഹിതാംബത കെട്ടുപോയിയി-
മ്മഹിതന്നിൽ കഠിനം ദുരാപമായ്. ൧൨൬

അമൃതാംബുചൊരിഞ്ഞു കണ്ണിനി-
ങ്ങമിതാമോദമുയന്ന ചന്ദ്രിക
അരമിങ്ങു നശിച്ചു ഞാൻവൃഥാ
തിരിയുന്നേനിത ക്രൂരിരുട്ടതിൽ. ൧൨൭

അരുണോദയകാലമംബരേ
പെരുതാംഭാസ്സൊടുയന്നതാരകം
ഇവനുള്ളൊരു ഭാഗ്യസൂചകം
ഉവികഷ്ടം! വിധിയാലദൃശ്യമായ്. ൧൨൮

ാമമെയ്യിന്നമെച്ചമാൺ നി-
സ്സമമാം ചാരുകളുമ്മനസ്സു കിട്ടും
സുമമെന്മനമാം തടത്തൊട്ടും
ഭ്രമമോട്ടഴിയിലാണ്ടു കഷ്ടമേ. ൱൪൦

അനഘംസമഹീനമായൊര-
ധനമയ്യോ വിധിനാ കളഞ്ഞുപോയ്
ഇനിമേലതുഭൂതലത്തിലി-
ങ്ങനവാപ്യം; ഹതമായി മൽസുഖം. ൱൪൧

ഹിതമോടുമദങ്കമാൺ നൽ-
സുധപോലേ സുഖവർഷമേകിടും
സുതതൻമൃദുമെയ്യിതാ കടും-
ചിതയിൽ ചേർന്നു കാൺമതെങ്ങനെ? ൱൪൨

മകളെ! മകളെ! മനോഹരേ!
മകളെ! മാമകസർവ്വസൌഖ്യമേ!
എവിടേയ്ക്കു ഗമിച്ചു നീവെടി-
ഞ്ഞിവനെക്കഷ്ടമൊരാശ്രയം വിനാ. ൱൪൩

സകലേശ്വര; സൽകൃപാനിധേ,
പകലെന്നുള്ളൊരു ഭേദമെന്നിയേ
മമ മാനസമിന്നഹോ! കടും-
തിമിരേ പെട്ടുഴലുന്നു സർവ്വദാ. ൱൪൪

തിരിയെ, സ്ഥിരമായ്, ലഭിച്ചിടാ-
ത്തൊരുമട്ടെൻമകളേ! നശിച്ചു നീ
വലുതായ വനാന്തരത്തിൽ ഞാൻ
വഴികാണാതെ വലഞ്ഞിടുന്നിതാ! ൧൪൨

സകലത്തിലുമേറെയിഷ്ടമെൻ-
മകളേ നീയിവനോടു കാട്ടിനായ്
അകലത്തുമറഞ്ഞതോർപ്പുവാൻ
ശകലിക്കുന്നിത മന്മനസ്സഹോ! ൧൪൩

എരിതീച്ചുഴലംപിടിച്ചപോ-
ലെരിയുന്നെന്നുടെ ദേഹമൊക്കയും.
ഉഴലുന്നു പഴുത്തസൂചിമേ-
ലിടയില്ലാതെ തറച്ചിടുംവിധം. ൧൪൪

അഴലെ! പിഴചെയ്തതെന്തു ഞാൻ
കുഴയുന്നേൻ, ക്ഷണനേരമെങ്കിലും
ഒഴിവാകിൽ നിനക്കു വന്നിടും
വഴിയെന്താണു? കുറേപ്പൊറുക്കനീ. ൧൪൫

ഭുവിനല്ലകടുത്തവസ്തുവും
ദ്രവമാകുംചിലതൊക്കെയൊക്കുകിൽ
ശിവ! മാർദ്ദവമെന്തുകില്ലയോ
തവവൻക്രൌര്യ,മൊരിക്കലെങ്കിലും? ൧൪൬

കരയങ്ങൊരുഭാഗമൂഴിത-
ന്നിരുഭാഗം വലുതാം ജലാശയം;
നരജീവിതവും തഥാവിധം
വരസൌഖ്യത്തിലിരട്ടിദുഃഖമാം. ൧൪൦

പരമാധിനിരയ്ക്കുപാരിലി-
ന്നധികപ്രേമമതാണു കാരണം;
നരർതന്മനമെന്തിനാവിധം
വിധിനിർമ്മിച്ചു? വിപത്തിനാസ്പദം. ൧൪൧

ചിലതീൻവക, ചിത്രപുസ്തകം,
ചെറുപാവാട,യിതൊക്കെ വാങ്ങി ഞാൻ.
പരിതോഷമോടന്ന്യദിക്കിൽനി-
ന്നരമെൻ പത്തനമെത്തി രാത്രിയിൽ. ൧൪൨

"മകളേ കമലാക്ഷി"യെന്നു നൽ-
സുഖമാർന്നാശ്രുമനം മറന്നഹോ!
പലവാറുവിളിച്ചു പുത്രിമ
വിളികേൾക്കുന്നതു കേട്ടുകൊള്ളുവാൻ. ൧൪൩

മമശബ്ദമൊരുത്തരംവിനാ
തിമിരേ ചെന്നു ലയിച്ചു തൽക്ഷണം
അഥ ചിത്തമിയന്ന ഭീതിയും
വ്യഥയും ഹന്ത! വചിപ്പതെങ്ങനെ? ൧൪൪

സുഖമററു നിരാശനായി ഞാ-
നകലെപ്പിന്നെയെറിഞ്ഞു സർവ്വവും
തലതല്ലിയറഞ്ഞറഞ്ഞലം
വിലപിച്ചേൻ പലവാററച്ചഹോ! ൱൧൩

ഇതുനാൾവരെയെൻെറയോമന-
യ്ക്കുതവിക്കായിവർ ചെയ്തതൊക്കയും
ഹതദൈവമതം നിരാശയാം-
വിഷവല്ലിയ്ക്കുരമായി വന്നിതാ. ൱൧൪

അറതന്നിലഹോ! തിരഞ്ഞുപോയ്
വെറുതേഹന്ത! വിളിച്ചു കൂകിഞാൻ
വെറുമമ്മുറിയങ്ങുപട്ടട-
ത്തറമേൽകല്ലറപോലെ തോന്നിമേ. ൱൧൫

പ:കലുള്ളൊരു നിദ്രചെയ്തയാം
സുഖമായ് കെട്ടിനകത്തു തൊട്ടിലിൽ
ഇതിചിന്തയൊടോടിയങ്ങു; വൻ-
കൊതിയും പൂണ്ടൊരു മുത്തമേകുവാൻ. ൱൧൬

അതുകണ്ടിതു ശൂന്യമായ്തദാ
കഴുവിൻതട്ടതുപോൽ ഭയങ്കരം
ഉഴറിപ്പുനരങ്ങുമിങ്ങുമുൾ-
ഭ്രമമോട്ടം വിളികൂട്ടി മുട്ടിഞാൻ. ൱൧൭

വിളതന്നിൽ മണിച്ചിലമ്പുമായ്
വിളയാട്ടും മൃദുപൂപറിച്ചവൾ
വിളികേൾക്കുകിലോടിവന്നിട്ടും
കളനാദാൽ വിളികേട്ടുകൊണ്ടുടൻ. ൧൬൦

അവിടങ്ങളിലും തിരഞ്ഞുഞാ-
നവളെപ്പേരുവിളിച്ചുറച്ചഹോ!
വിളിയൊക്കെമുഴങ്ങി വായുവിൽ
ഫലമില്ലാതെ ലയിച്ചു ഭീകരം. ൧൬൧

ഒരുപൂമരമക്കുളപ്പുര-
യ്ക്കരികത്തുണ്ടവൾ മിക്കനേരവും
അതിനുള്ളതടം ഗമിച്ചു മാൻ
ശിശുപോൽ ചുററിനടന്നു മന്ദമായ്; ൧൬൨

പരമസ്പുടമായ് ചിലച്ചുമാ-
ത്തരുവിൻപൂക്കൾ മുദാ പെറുക്കിയും.
മുരളിക്കെതിർപാട്ടുപാടിയും,
പരിതോഷേണ കളിച്ചു മേവിടും. ൧൬൩

അവളങ്ങുഥ ചെന്നെടുത്തിടാം,
കുളർമെയ് നെഞ്ചിലമർത്തണച്ചിടാം,
മതിയാംവരെ മാലകന്നുമേ
വദനാംഭോരുഹമുമ്മവച്ചിടാം, ൧൬൪

ഇത്വാഞ്ഞരവളൎന്നുമേല്ക്കുമേ-
ലതിവേഗത്തൊട്ടു തത്രപാഞ്ഞു ഞാൻ;
ചതിപെട്ടയി! കണ്ടതില്ല വെ-
ണ്മതിയൊക്കും മകൾതൻെറ വിഗ്രഹം. ൱൩൰൬

അതുമററൊരിടത്തുമന്നുത-
ന്നടിയിൽച്ചേൎന്നഖിലം ദ്രവിച്ചുപോയ്;
അധുനാവ്യഥകൊണ്ടു തീൎന്നു ഞാ-
നൊരു ജീവച്ഛവമായിളാതലേ. ൱൩൰൭

നയനത്തിനു കാഴ്ചയില്ല, കാ-
തിയലുന്നീല ബലംശ്രവിക്കുവാൻ,
ബത! ഗന്ധവിവേകശക്തിയാ-
വിധമെൻ നാസികയും ത്യജിച്ചിതു; ൱൩൰൮

ജഡമായ് രസനേന്ദ്രിയത്തിനും
രുചിതോന്നാതെ ചമഞ്ഞു തെല്ലുമേ,
മരവിച്ചു ശരീരമാകവേ
പരമസ്പൎശരസം വെടിഞ്ഞഹോ! ൱൩൰൯

ചരണം, കര,മങ്ഗമൊക്കെയും
മരമായ്ച്ചെല്ലുവെടിഞ്ഞു മിക്കതും,
കരളങ്ങൊരുപാറപോലെയായ്
ഗുരുതാപേന വികാരശൂന്ന്യമായ്; ൱൪൰

ച്ചുഴലം മമ സംഭവിച്ചിട്ടും
പലകാര്യങ്ങളെയും ഗ്രഹിയ്ക്കുവാൻ
അമരും നിജകെല്പുവിട്ടു ഹാ!
ഭ്രമമാന്തു പരമെന്റെ ബുദ്ധിയും; ഫ൦

അധുനാമമലോകമൊക്കെയും
ബത! താന്തന്ദുശ്ശൂന്യമായ് സദാ,
തിമിരാവൃതമായി ഭൂതലം
മമ, ഹാഹാ! ജഗദീശ! കാക്കണേ! ഫൈ

ഉളവായ്, ക്രമമായ് വളന്നു, തൻ-
കിളരം ചേന്നു,തുപോൽ തളന്നു,ഥ
അവസാനമണഞ്ഞിടുന്നിതി-
ബ് ഭുവനെ സൎവ്വമെന്നു കണ്ടിടാം. ഫവെ

അടിതന്നിലുദിച്ചു, ശാന്തനാ-
യുയരെച്ചെന്നു വളന്നു തേജസാ,
ചരമാബ്ധിയിൽ വീണുതാണിട്ട-
ന്നരുണൻ മങ്ങി മറയ്ക്കു നിത്യവും. ഫണ്ടെ

മതിമണ്ഡലവും തഥാവിധം
പതിനഞ്ചായദിനങ്ങളാൽ ഭുവി
വളരുന്നു,ഥ തൽപ്രകാശവും
തളരുന്നു പതിനഞ്ചുനാളിലായ്. ഫരെ

തവചട്ടമിവണ്ണമാണഹോ
ഭുവനാധിശ! മുറയ്ക്കു പാക്കുകിൽ;
അവരാം തൻഗതിയെന്തിനോ ഭവാ-
നൊരുവേറായവഴിക്കു വിട്ടതും? ൱൬

അഖിലം മകളോടു ചേൎന്നമൽ-
സുഖവും ദുഃഖവുമെത്രയും ക്ഷണാൽ
ഒരുനല്ലകിനാവുതന്നെയായ്.
നരകാൎയ്യങ്ങളശേഷമീവിധം. ൱൭

ചപലാഭകലൎന്നൊരാമന-
ച്ചപലാപാംഗി നശിക്കു കാരണം
വിപുലാമയമോഹചിത്തനായ്
വിപരീതം വിളവിങ്കലോതിനോൻ. ൱൮

നിജസൃഷ്ടിയിലിഷ്ടമൊട്ടുമി-
ന്നജനില്ലെന്നു വരില്ല, നിശ്ചയം.
പരിതാപഭരം മനസ്സിനെ
ശ്ശുരിയായ് രാകി വെടുപ്പു നൽകുവാൻ. ൱൯

പരമെല്ലുരിപഞ്ചസാരതൻ
പരിശുദ്ധിയ്ക്കുതകുന്നതെങ്ങനെ
പലനീചവികാരമിശ്രമാം
നരചിത്തത്തിനു ദുഃഖമങ്ങനെ. ൱൰

കരുണാകരനീശ്വരൻനമു-
ക്കരുളും നല്ലതുതന്നെ സർവ്വദാ.
ഇതുസൌഖ്യ,മിതത്തലെ,ന്നമൂ-
ഢതയാലുള്ളൊരു തോന്നൽ മാത്രമാം. ൧൮൦

ഒരുകുഞ്ഞുമരിച്ചു,പോട്ടെ,യെ-
ന്തുരുതാപത്തൊട്ടുഴന്നിടാനതിൽ?
പലനാളതുകൂടെവാണലാം
ഫലമേറും സുഖമേകിയില്ലയോ? ൧൮൧

അതിനുള്ളൊരുകാലമങ്ങതീ-
ന്നതിനാലായതു വിട്ടുപോയിമാം;
ഹിതമൊന്നിനി വന്നുചേർന്നിടും
ചിതമായ്, വേണ്ട,വരില്ലയെങ്കിലോ. ൧൮൨

ഒരുവിപ്രിയമുത്ഭവിക്കയാ-
ലുരുകൊല്ലാ ഹൃദയം നിരന്തരം.
നരനുണ്ടിഹ കൃത്യമേററവും;
സ്ഥിരഹൃത്തൊടവ നിർവ്വഹിക്കണം. ൧൮൩

അവരോരുടെകൃത്യമിന്നതെ-
ന്നറിവാന്നായതൊർന്തരംവിനാ
അമലാത്മതപൂണ്ടു വേണ്ടപോ-
ലനുവർത്തിക്ക,"സുഖം നമുക്കിതേ. ൧൮൪

ഉലകിന്റെ നടപ്പിനീശ്വരൻ
പലചട്ടങ്ങൾ ചമച്ചതുണ്ടിഹ;

അവ:യൊന്നുമുടച്ചിടാതെവാ-
ഴ്വവരേ ഭക്തരിലഗ്രഗണ്യരാം. ഫവ്വ൩

പുറമേപലവേഷമാററവും
തിറമേറും പലവാക്കമൊക്കയും
വെറുതെ; സ്തുതി, നിന്ദ, വേഷമീ-
വകദൈവത്തിനു മാററമേകുമോ? ഫവ്വ൯

ഹൃദയം പരിശുദ്ധമാകണം,
സദയം സൎവ്വുമൊന്നുപോലവേ
ഹൃദിതോന്നണ,മീവിധത്തിലു-
ള്ളവനീശന്നു സമൻ മഹാനിഹ. ഫവ്വ൫

ഗുണമേറിയൊരാമനക്കിടാ-
വിണയിൽ സ്വൎഗ്ഗകുമാരിമാരൊട്ടും
അണയാതഴലീശ്വരന്റെ കാ-
ലിണയിൽ ചേൎന്നു കളിച്ചു വാഴ്വതാം. ഫവ്വവ്വ

കുയിലും കുനിയുന്നൊരൊച്ചയും
മയിലും മാറുമൊരംഗഭാഗിയും
ഇയലുന്നവളീശസന്നിധൌ
മുയൽപോലോടി നടന്നു കൊൾവതാം. ഫവ്വൻ

മകൾതൻ മരണം നിനച്ച മാ-
മകമയ്യോ മലിനം മനസ്സിനി
അഖിലേശ്വര! നീയവൾക്കെഴ-
ന്നമലാത്മാവിനു മുക്തി നൾകണേ. ഫൻ൦